ഭരണഭാഷ മാതൃഭാഷ

## പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്
## (ഹാജർ : അനില ബി. ആർ.)

വിഷയം : പൊതു വിദ്യാഭ്യാസം - അന്തർജില്ലാ സ്ഥലംമാറ്റം - എച്ച്.എസ്.ടി. (മലയാളം) 2024-25 ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന : 1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27/12/24 തീയതിയിലെ ഡി.ജി.ഇ./ 20836/2024 - എ1 നമ്പർ പരിപത്രം.
2. അദ്ധ്യാപകരുടെ ഓൺലൈൻ അപേക്ഷ.
3. സ.ഉ.(പി) 42/2012/ ഉ.ഭ.പ.വ. തീയതി, 23/8/2012
4. ഈ കാര്യാലയത്തിൽ 01/02/24 ലെ ഇതേ നം. ഉത്തരവ്.
5. സോജ എൽ. ന്റെ അപേക്ഷ
6. 27/03/25 ലെ പൊ.വി. ഡയറക്ടറുടെ 27/03/25 ലെ ഡി.ജി.ഇ. /20836/2024-എ1 നം. കത്ത്.

### ഉത്തരവ് നമ്പർ നം.ഡി.ഡി.ഇ.പി.റ്റി.എ./4473/2025 - എ5 തീയതി. 28-03-2025

പരാമർശം (1 ) പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ സ്കൂൾ അധ്യാപകരുടെ 2024 -25 വർഷത്തെ അന്തർജില്ലാ സ്ഥലം മാറ്റത്തിന് അർഹമായ അധ്യാപകരിൽ നിന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ ഓൺലൈനായി അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിൻ പ്രകാരം സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് നിലവിലെ അന്തർജില്ലാ സ്ഥലം മാറ്റ ഉത്തരവുകൾക്ക് അനുസൃതമായി താൽക്കാലിക മുൻഗണന ലിസ്റ്റ് പ്രസിദ്ധീ കരിക്കുകയും ആക്ഷേപങ്ങൾ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ മുൻഗണന ലിസ്റ്റിൽ ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്തതും ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുള്ളതും ആകുന്നു.

എന്നാൽ മറ്റ് ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിക്കാത്ത സാഹചര്യത്തിൽ താഴെപ്പറയുന്ന എച്ച്.എസ്.ടി മലയാളം അധ്യാപികയെ പേരിനോടൊപ്പമുള്ള സ്കൂളിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര്, സ്കൂളിന്റെ പേര് | തസ്തിക | റാങ്ക് നമ്പർ | സ്ഥലം മാറ്റം | |
|---|---|---|---|---|---|
| 1 | SOJA L.<br>GHSS THUVAYUR | HST MALAYALAM | 1 | GVHSS NEDUMON | GENERAL SENIORITY |

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അധ്യാപകരുടെ സീനിയോറിറ്റി പത്തനതിട്ട ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. അന്തർജില്ല സ്ഥലംമാറ്റം ഉത്തരവായിട്ടുള്ള അധ്യാപകർ

പത്തനംതിട്ട ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം ടി തസ്തികയിൽ ഏറ്റവും ജൂനിയറായിരിക്കും. ഇതിനുള്ള സമ്മതപത്രം തയ്യാറാക്കി ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളിലെ പ്രഥമാധ്യാപകർ മേലൊപ്പ് വെച്ച് സേവന പുസ്തകത്തിൽ പതിക്കേണ്ടതാണ്.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അധ്യാപിക സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയാണ് സ്ഥലം മാറ്റം ലഭിച്ചത് എന്ന് തുടർ അന്വേഷണത്തിൽ ബോധ്യപ്പെടുന്ന പക്ഷം നിലവിൽ ഉത്തരവായിട്ടുള്ള സ്ഥലംമാറ്റം പുനപരിശോധിക്കുന്നതാണ്.

സ്ഥലം മാറ്റം ലഭിക്കുന്ന അധ്യാപകരുടെ സ്ഥലം മാറ്റം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതി ഇല്ലാതെ റദ്ദാക്കുന്നതല്ല. പരാമർശം ( 6 ) പ്രകാരം സ്ഥലം മാറ്റം ലഭിച്ച അധ്യാപകർ നിലവിൽ സേവനത്തിൽ തുടരുന്ന ജില്ലയിൽ നിന്നും ഉത്തരവ് ലഭിച്ച് ഏപ്രിൽ മാസം 30 നുള്ളിൽ പുതിയ ലാവണത്തിൽ ജോലിയിൽ പ്രവശിക്കേണ്ടതാണ്. ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ അധ്യാപകർ സേവനത്തിൽ പ്രവേശിച്ച തീയതി ഈ ആഫീസിൽ താമസംവിനാ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഉത്തരവിലെന്തെങ്കിലും അപാകതകൾ ഉണ്ട് എങ്കിൽ ആയത് ഈ കാര്യാലയത്തിൽ അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Signed by
Anila B R
Date: 28-03-2025 15:42:18

**Anila.B.R**
**പെൻ നമ്പർ.**
**വിദ്യാഭ്യാസ ഉപഡയറക്ടർ**
**പത്തനംതിട്ട,തിരുവല്ല**

സ്വീകർത്താവ് :
1. ബന്ധപ്പെട്ട അദ്ധ്യാപകർ
2. ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകർ
3. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ